# ഭടന്റെ ശാപം

പാടരുതത്രേ ഞാ,നെന്നോമനേ, നിന്നെപ്പറ്റി–
പാവനപ്രേമത്തിന്റെ തൂവെളിച്ചത്തെപ്പറ്റി!

പാടിയാലനുരാഗഗാനമായ്ത്തീരും പ്രിയേ,
പാരെന്നെശ്ശകാരിയ്ക്കും, ''കേവലമസന്മാർഗ്ഗി!''

2

ജഡമെന്നാത്മാന്തരാളാന്ധകാരത്തിൽക്കാന്തി
പടർത്തീടിന നിന്നെപ്പറ്റി ഞാൻ പാടൊല്ലല്ലി?

ഞാനതിനാളായ്ത്തീരും:തുടിയ്ക്കാതിരിയ്ക്കണം
പീനമീ പ്രേമത്താലെൻ കരളിൽത്തുടുനിണം;

ഞാനതിനാളായ്ത്തീരും:നാളെത്തൊട്ടനുക്ഷണം
മാനസമൊരു ശിലാഖണ്ഡമായ്പ്പകരണം!

തുടിക്കാതിരിക്കുമെൻ കര;ളെൻ മനം കല്ലായ്–
ക്കടുക്കും–മൃതി വന്നെൻ ജീവനെപ്പുണരുകിൽ!

മറക്കാനെന്തായാലുമാവുകയില്ലാ നിന്നെ:
മഹത്വപ്പൊരുളേ, നീയെൻ പാതിമെയ്യാണല്ലോ!

3

ആരെതിർത്താലും പാടുമാഹവരംഗത്തിൽനി–
ന്നാവേശക്ഷീണംകലർന്നെത്തിടും നിശയിൽ ഞാൻ;

അലയും വിദൂരസ്ഥയായ നിൻ സമീപത്തേയ്–
ക്കലയായലയായിട്ടാ മുഗ്ദ്ധപ്രേമാലാപം.

മർത്ത്യജീവിതത്തിന്റെ മാൺപുറ്റ മണം വീശു–
മിദ്ധരാതലത്തിന്റെ ചുറ്റതിർവേലിക്കെട്ടിൽ

കുണുങ്ങിനില്ക്കും താണചിലന്നിപ്പൂക്കൾകൂടി–
യുണർന്നു കേൾക്കും കുളിർത്താമുഗ്ദ്ധപ്രേമാലാപം

അവതൻ കരളെന്നിലെൻകരളവയിലു–
മലിയും; കരളിന്റെവേദനകളുമൊപ്പം

ഓർമ്മകളെന്നിൽത്തന്നെ നട്ടുകൊണ്ടപ്പോൾ നീയും
കോൾമയിർക്കൊള്ളാറില്ലേ മൽഗ്ഗാനസാമീപ്യത്തിൽ?

അരുതേ–നിന്നെച്ചൊല്ലിപ്പാടരുതേ–ഞാൻ? എങ്കി–
ലരുതിക്കണ്ഠത്തിന്നു പാടുവാനൊന്നും തന്നെ!

4

പാടുമാറുണ്ടെൻ കണ്ഠമസമത്വത്തോടേൽക്കും
പാരിന്റെ ധീരോദാത്ത സമരാപദാനങ്ങൾ.

ക്ഷുത്തിന്റെ നിണത്തുള്ളി പാൽക്കതിരിട്ടാൽക്കൊയ്തു

പത്തായം നിറയ്ക്കുന്ന മർദ്ദകത്വത്തിൻ നെഞ്ചിൽ,

പട്ടിണി തൻ നാഡിയാൽ നെയ്തിടും തുണി വിറ്റു
പെട്ടികൾ നിറക്കുന്ന മർദ്ദകത്വത്തിൻ നെഞ്ചിൽ,

വാളിറക്കാറുണ്ടെന്റെ ഗീതികൾ; അപ്പോളൊക്കെ–
യാളുകൾ കൈകൊട്ടാറുമില്ലയോ മോദാവേശാൽ?

എന്തിനതെല്ലാം ചെയ്വൂ ഞാനാത്മാർത്ഥമായ്? സ്വാർത്ഥ–
സംത്യാഗിയൊരു വെറും മുനിയല്ലല്ലോ ഭടൻ––

മജ്ജയാൽ, മാംസത്താൽ,ച്ചെഞ്ചോരയാൽ,പ്പൊരും ധീര–
മർദ്ദിതകോടിയ്ക്കായിപ്പാടുന്ന മഹാഭടൻ!

സ്നേഹിപ്പൂ ഞാനിമ്മുഗ്ദ്ധലോകത്തെജ്ജീവൻകൊണ്ടും,
സ്നേഹിയ്ക്കും ലോകം തിരിച്ചെന്നെയുമെന്നേ നണ്ണീ;

സേവിപ്പൂ ഞാനിമ്മുഗ്ദ്ധലോകത്തെ രക്തംകൊണ്ടും
സേവിയ്ക്കും ലോകം തിരിച്ചെന്നെയുമെന്നേ നണ്ണി.

മറിച്ചാണെങ്കിൽ–സ്നേഹിച്ചീടുവാൻ, സേവിയ്ക്കാനും
ധരിച്ചിട്ടില്ലെങ്കി–ലീലോകമെന്തിനു കൊള്ളാം?

**6**

ആയിരം നൂറ്റാണ്ടുകളായിരം നൂറ്റാണ്ടുക
ളായാസച്ചുടുവേർപ്പിൽക്കുളിച്ചു കിളച്ചില്ലേ

ലോക,മീ രത്നോജ്വലപ്രേമത്തെത്തേടി,പ്പച്ച–
ശ്ശോകമേ വിഴുങ്ങിക്കൊണ്ടാ മൃഗത്വത്തിൻകാട്ടിൽ?

ഓമനേ, വളർന്നപ്പോളെങ്ങിനെ ലോകത്തിന്നി–
ന്നാ മഹാരത്നം പാഴാ 'മസന്മാർഗ്ഗ''മായ്ത്തീർന്നു?

അപ്പോ,ളി'സ്സന്മാർഗ്ഗ'മെന്ത?– റിഞ്ഞാൽക്കൊള്ളാം, നീച
ഗൃദ്ധ്രാക്ഷികളിൽക്കത്തും മാംസദാഹംതാനല്ലി?

**7**

പാടരുതത്രേ ഞാ,നെന്നോമനേ, നിന്നെപ്പറ്റി
പാവനപ്രേമത്തിന്റെ തൂവെളിച്ചത്തെപ്പറ്റി!

പാടിയാലനുരാഗഗാനമായ്ത്തീരും പ്രിയേ,
പാരെന്നെശ്ശകാരിയ്ക്കും, ''കേവലമസന്മാർഗ്ഗി''!

പ്രേമഗായകൻ മന്നിന്ന'സന്മാർഗ്ഗി'യാമെങ്കിൽ–
ക്കോമളേ, നശിയ്ക്കട്ടെ, 'സന്മാർഗ്ഗം' നശിയ്ക്കട്ടെ!

# മുന്നറിയിപ്പ്

എങ്ങിപ്പോൾത്തവ വാസം? എങ്ങുമാവട്ടേ, നമ്മ–
ളെന്നാലുമൊരുകാലത്തൊന്നായിത്തിരും, ഭദ്രേ!

**2**

''വരികെൻ ചാരത്തേയ്ക്കി,ക്കുറവാണാപത്തെ,ല്ലാം
പറയാമല്ലോ, പാഴിൽസ്സുന്ദരി, പോമേ കാലം,''

സാരിതൻ തുമ്പും കടിച്ചങ്ങിനെ നില്ക്കും നിന്റെ
ചോരച്ചകവിളത്തന്നൊരു നുള്ളു ഞാൻ നുള്ളും;

പൊടിഞ്ഞൂ നിണമെങ്കിലോമനേ, വിറകോലും
ചൊടികൊണ്ടൊപ്പില്ലേ ഞാൻ നൂറുരുവൊരേ വീർപ്പിൽ?

**3**

സാഗരതരംഗച്ചെഞ്ചുണ്ടിലേയ്ക്കർക്കൻ സാന്ധ്യ–
രാഗരാജിതം തന്റെ വദനം കുനിയ്ക്കുമ്പോൾ,

തൈമണിക്കാറ്റേറ്റു ഞാൻ കിടക്കും നിന്നങ്കത്തി,–
ലോമനക്കവിളത്തെ ബ്ഭാവഭേദവും നോക്കി;

അമ്പടി, നിനക്കെന്നാലെന്നെയും തരം നോക്കി–
ച്ചുംബിച്ചു ചുംബിച്ചപ്പോൾപ്പകരംവീട്ടാമല്ലേ?

**4**

ആതിരത്തിരുനാളിലൊരുമിച്ചൂഞ്ഞാലാടാൻ
പാതിരനേരത്തു ഞാൻ കൈകൊട്ടി വിളിയ്ക്കുമ്പോൾ

കൂട്ടുകാരികളൊത്തു പത്തുപൂ ചൂടിപ്പാടി–
കൂത്തടിയ്ക്കുവാൻ നിന്നാൽ ക്കാണിച്ചുതരാം, കള്ളി!

പൂനിലാവണിമുറ്റത്താമണിത്തൈമാവിന്റെ
പൂത്ത കൊമ്പിന്മേലിട്ട പുത്തനൂഞ്ഞാലിൽച്ചെമ്മേ

രാപ്പാടിക്കുരുവിതൻ തേനൊലിപ്പാട്ടിൽ മുങ്ങി,–
പ്പാൽപ്പതച്ചിരി തൂകും നീയുമീ ഞാനും കൂടി,

ഒരുമിച്ചിരുന്നാടി,ക്കുതിച്ചു കുതിച്ചൊ,ടു–
വരികെക്കാണും കൊച്ചുപൂങ്കുല പറിക്കുമ്പോൾ,

ഒരു ചുംബനം!... അയ്യാ,നീയപ്പോൾ ത്രപാമൂക–
മരുണാനനം താഴ്ത്തിയേറുകണ്ണിടുമല്ലി?

**5**

നിൻ കലാവിരുതുയിർക്കൊണ്ടപോലൊരു മാല്യ–
മങ്കുരൽസ്മിതം പുതുപൂക്കളാൽക്കുരുക്കുമ്പോൾ,

മധുരം പറന്നെത്തും നിന്നിളം ചുണ്ടത്തൊരു
മദിരോപമഗാനമന്നൊരു സായാഹ്നത്തിൽ!

അറിയില്ലപ്പോളെൻകൈവലയങ്ങളാൽക്കൺക–
ളടയും വരേയ്ക്കെ,ന്റെ വരവും പ്രേമാർദ്രേ, നീ!

ആ മറവിയ്ക്കായ്ച്ചുണ്ടാൽ പ്പിഴതന്നടയ്ക്കാമെ–
ന്നാണയിട്ടാലേ പിന്നെ വിട്ടയയ്ക്കൂ ഞാൻ നിന്നെ!

**6**

നമ്മൾതൻ പ്രേമത്തിന്റെ സാമ്രാജ്യം പരിശുദ്ധ,–
മമ്മഹാസ്വർഗ്ഗത്തിങ്കൽ ക്കട്ടുറുമ്പില്ലാ തങ്കം!

അവിടെച്ചെങ്കോലേന്തി വാഴുവാൻ ഞാനല്ലല്ലി,
അവികലാഹ്ലാദത്താൽ നൃത്തമാടുവാൻ നീയും?

**7**

എങ്ങിപ്പോൾത്തവ വാസം? എങ്ങുമാവട്ടെ, നമ്മ–
ളെന്നാലുമൊരുകാലത്തൊന്നായിത്തീരും ഭദ്രേ!

# നിന്റെ നിറം

കറുത്തിട്ടാണെങ്കിലും കറുത്തിട്ടാവില്ലല്ലോ,
വെളുത്തിട്ടാമല്ലോ നീ വെളുത്തിട്ടല്ലെങ്കിലും;

അഥവാ മമാത്മാവിൽത്തിങ്ങിടും നിഴലാകെ–
യകലാനെന്തേ മുഗ്ദ്ധേ, നിന്നെ ഞാൻ നിനയ്ക്കുമ്പോൾ?

കണ്ടിട്ടില്ലൊരിയ്ക്കലും നാം തമ്മിലിജ്ജന്മത്തിൽ;
കണ്ടിട്ടോ ധരിപ്പൂ നാമാത്മാവിൻ നിറഭേദം?

നിന്നനവദ്യോദാരശോഭതൻ നിദാനമീ
മണ്ണിൽനിന്നുണ്ടായ് മണ്ണിൽപ്പൂഴ്ന്നുപോം മണ്ണല്ലല്ലോ
ൟൟൟ

മറിച്ചാണെങ്കിൽസ്സഖി, നിന്നെ ഞാൻ കണ്ടിട്ടില്ലെ–
ന്നുരയ്ക്കാവതോ ദീർഘചാരിയല്ലി ഹൃന്നേത്രം?

കണ്ടിട്ടുണ്ടാവാമീ ഞാൻ നിന്നെ, നിൻസൗഭാഗ്യമുൾ–
ക്കൊണ്ടിട്ടുമുണ്ടാവാം, ഞാൻ തന്മൂലമാവാം ചൊൽവൂ:

കറുത്തിട്ടാണെങ്കിലും കറുത്തിട്ടല്ലല്ലോ നീ,
വെളുത്തിട്ടാണല്ലോ നീ വെളുത്തിട്ടല്ലെങ്കിലും!

# സാന്ത്വനം

ഈ വികസ്വരമായ ചക്രവാളത്തിന്നുള്ളി–
ലീ വിമോഹനമായ വിസ്തൃതപ്രപഞ്ചത്തിൽ

അന്തരാത്മാവിൻ ഞാണിൽത്തൊടുക്കൂ നീയജ്ഞാതേ,
സുന്ദരസ്മൃതിയുടെ കൂർപ്പെഴും കണകളെ.

ഓരോന്നും മൂളിത്തുളച്ചേറാവൂ മജ്ജീവനിൽ;–
ച്ചോരയിൽസ്സുമധുരവേദന വിതയ്ക്കാവൂ!

**2**

ആളുകളോതട്ടേ, നീയഴകുള്ളവളല്ലെ–
ന്നാളുകളെല്ലാം വെറും മാംസദൃക്കുകളല്ലേ;

നിന്നഴകോ, നീ സൂക്ഷിച്ചിരിപ്പുമല്ലേ ഹൃത്തി,–
ലന്യൂനപ്രേമത്തിന്റെ പട്ടുതൂവാലക്കെട്ടിൽ?

വാടുമാറായീടായ്ക നിന്മുഖമകാരണ–
മാടലിൽ: ഞാനെന്നെന്നും സ്നേഹിക്കും മുഗ്ദ്ധേ, നിന്നെ!

**3**

ആളുകളോട്ടേ നീ വൃദ്ധയായ്ത്തീരുന്നുണ്ടെ–
ന്നാ,ളുകളെല്ലാം വെറും മാംസദൃക്കുകളല്ലേ;

നിൻകാരുണ്യമോ, സൂക്ഷിച്ചിരിപ്പുമല്ലേ കൈത–
പ്പൊൻപൂപോൽ സൗശീല്യത്തിൻ ചുറയിൽ, നിന്നാത്മാവിൽ?

കാണുമ്പോൾക്കണ്ടാൽ മതി; വെമ്പലില്ലെനിയ്ക്കിന്നു:
കാലഭേദിയാണല്ലോ നിന്റെ യൗവനം തോഴി!

**4**

ആളുകളോതട്ടേ, നീ കേവലമൊരേഴയെ–
ന്നാ,ളുകളെല്ലാം വെറും മാംസദൃക്കുകളല്ലേ;

നിന്റെ സമ്പത്തോ സൂക്ഷിച്ചിരിപ്പുമല്ലേ ചിതൽ
തിന്നാത്ത ലോഹക്കൂട്ടിൽ,പ്പാവനചാരിത്രത്തിൽ?

സ്വീകരിയ്ക്കില്ലെന്നോ, ഹാ, നിന്നെയോ, ഞാനോ! നീ നി–
ന്നാകുലം വെടിഞ്ഞാഹ്ലാദിയ്ക്കുക മേലേ മേലേ!

**5**

അന്തരാത്മാവിൻ ഞാണിൽത്തൊടുത്താൽ മതി നിത്യ–
ചിന്തതൻ നിശിതമാമമ്പുകളജ്ഞാതേ, നീ!

# ആദ്യരാത്രി

ആ മണിയറയിലാ രാവിലാ മെത്തയ്ക്കടു–
ത്താശയാലാശങ്കയാൽത്തലതാഴ്ത്തി നീ നിൽക്കെ,

വിറകൊള്ളുമെൻ കൈകളാ വാതിൽ തുറക്കുമ്പോ–
ളറിയാതെ നീയൊന്നു ഞെട്ടിപ്പോവുകയില്ലേ?

ആയിരമുരുവിട്ടു കട്ടിയാക്കിയ വാക്യം
വായിൽനിന്നെങ്ങോ വീണുപോകെ ഞാൻ പരുങ്ങുമ്പോൾ,

എന്തു ചെയ്യണമെന്ന ചിന്തയാൽ തളരില്ലേ
ചെന്തളിരെതിരാം നിൻ മെയ്യാകെ?––പ്പറയൂ നീ.

ചാരുതേ, പിന്നീടു നാം മേലാകെത്തരിപ്പാർന്നു
മാറൊടുമാറായ്ക്കെട്ടിപ്പുണർന്നൊന്നുരസുമ്പോൾ,

വിടരും നിൻ ചെഞ്ചുണ്ടെൻ പല്ലിനാൽ മുറിവേൽക്കെ,
വിയർക്കും നിൻ കക്ഷമെൻ നഖത്താൽ ക്ഷതമേൽക്കെ,

ആദ്യത്തെത്തളർച്ചകളാദ്യത്തെപ്പരുങ്ങലു–
മാ നിമിഷത്തിങ്കലും കാണുമോ ഭദ്രേ, നമ്മിൽ?

# നാളത്തെ ദൈവങ്ങൾ

അകലെ നിന്നില്ലത്തെ ശ്രീകോവിലിന്നക-
ത്തമലചിത്തത്തിന്നിതളുകളാൽ

ഒരു പെരുംതൃക്കോവിലപ്പനെപ്പൂജിച്ചു
മരുവുകയല്ലി നീയിന്നു ഭദ്രേ?

അറിവീലിന്നല്ലി, കടന്നുപോം സമയത്തി-
ന്നടിവെപ്പാബ്ഭക്തിതൻ ലഹരിയിൽ നീ?

പ്രതിബിംബിയ്ക്കുന്നിതശ്ശിലയിലെന്നാലോക-
മധുരമാം കോമളാകാരമല്ലി?

അതു ദൈവബിംബമെന്നാചാരം നിന്നേയു-
മകളങ്കേ, ബോധ്യപ്പെടുത്തിയല്ലി?

ശരി, പക്ഷേ, നിന്മനം ബന്ധിച്ചു നിർത്തുമ-
ശ്ശിലയെക്കാളേറ്റം വിശിഷ്ടതകൾ

കുടികൊൾവൂ കന്യകേ, ഭവതിയിൽത്താ; – നെൻ കൈ-
ത്തടവലിലതു പൊട്ടിവിരിയും നാളെ.

****

അറിയാത്ത കന്യകേ, നാം തമ്മിലൊരു നാളി-
ലറിയുമ്പോൾപ്പാടിക്കൊണ്ടയവിറക്കാൻ

കരളിന്റെ നിശിതമാം തൂവലാലദ്ദിവ്യ-
കഥ ഞാനിവിടെപ്പകർത്തിവെപ്പൂ:-

ആദ്യത്തെ രാവിൻ കൊടുംതരിപ്പാറി നാ-
മാത്മാനുഭൂതികളാസ്വദിയ്ക്കെ,

അന്നൊരന്തിയ്ക്കീയുപവനശാന്തിയി-
ലമ്പിളിമുല്ല മഴപൊഴിയ്ക്കെ,

പാരിജാതത്തുടുപ്പൂമ്പട്ടിതളുകൾ
ചാരുസുഗന്ധമദം വിതയ്ക്കെ,

വെള്ളപ്പിറാവിനെപ്പോലെ നീയങ്ങനെ
തുള്ളിത്തുളുമ്പിസ്സമാഗമിയ്ക്കെ,

ഹൃത്തിലുയരുന്ന പൂങ്കുയിൽപ്പാട്ടുകൾ
തത്തിക്കളിയ്ക്കെ നിൻ ചെഞ്ചൊടിയിൽ

സമ്മോദപൂർവ്വമിരിയ്ക്കുകയില്ലയോ
നമ്മളുടലോടുടലുരുമ്മി;

ആ നീണ്ട നീലനയനത്തിൽപ്പൂങ്കിനാ-
വാലോലനൃത്തമുതിർക്കുകില്ലേ?

അന്നു നിൻചായൽക്കരിഞ്ചുരുളിൽത്തത്തി -
മിന്നുമേ മൽത്തെളിക്കൈനഖങ്ങൾ

താളം മുറുക്കുമേ ചിത്തങ്ങളന്നേരം

ചൂളം വിളിയ്ക്കുമേ ഭാവനകൾ!

ചുംബിച്ചു ചുംബിച്ചു സുന്ദരി, നിൻനറും –
ബിംബാധരങ്ങൾക്കു നോവു വന്നാൽ

കെട്ടിപ്പുണരും പുണരലിൽ നിൻ നെഞ്ചം
മുട്ടിത്തകർന്നു ഞെരിഞ്ഞുപോയാൽ

ആരാരറിഞ്ഞിടുമാ നീറ; ലല്ലെങ്കി–
ലാരാരറിഞ്ഞിടാ മാധുര്യത്തെ?

''എന്നെന്നും സ്നേഹിയ്ക്കാമോമനേ, നിന്നെ ഞാ,''–
നെന്നെന്നധരങ്ങളാലപിയ്ക്കെ,

'ഞാനു', മെന്നോതാനേ പൊങ്ങിടു, മൽക്കര–
പ്രീണനതാന്തയാം നിന്റെ കണ്ഠം.

വിണ്ണിലെദ്ദിവ്യപുഞ്ജങ്ങളാ നമ്മളെ–
ക്കണ്ണഞ്ചിക്കണ്ണഞ്ചി നോക്കിനിൽക്കും.
****

അറിയാതെ കന്യകേ, നാം തമ്മിലൊരു നാളി–
ലറിയുമ്പോൾപ്പാടിക്കൊണ്ടയവിറക്കാൻ

കരളിന്റെ നിശിതമാം തൂവലാലദ്ദിവ്യ–
കഥ ഞാനിവിടെപ്പകർത്തിവെപ്പൂ:–

ആടുമ്പോളാടുമ്പോൾ മാരന്റെ വില്ലുക–
ളാകാശത്തുണ്ടാക്കുമൂഞ്ഞാലിന്മേൽ

ഏറിയിരുന്നു നാമാതിരക്കാലങ്ങ–
ളോരോന്നുമോരോന്നും പിന്നിടുമ്പോൾ

വാരൊളി തൂകുന്ന സത്യ,മതിന്റെ നേർ–
ക്കോരോ തവണയും നാം കുതിയ്ക്കെ,

തന്നെച്ചുഴലും പരിവേഷമാലക–
ളൊന്നൊന്നായൂരിയെറിഞ്ഞിടുമ്പോൾ,

നിന്നൊച്ച കേട്ടു ഞാ,നെന്നൊച്ച കേട്ടു നീ–
'യെന്നൊച്ച'യെന്നോരും കാലമെത്തും.

സ്വപ്നത്തെക്കാളുമഗാധമാമാത്മാവിൻ
സ്വച്ഛശ്രീ ബിംബിയ്ക്കും നിൻമിഴിയിൽ

അന്നൊരു നാളിൽക്കിടയ്ക്കയിൽത്തെല്ലക–
ന്നന്യോന്യം സ്പർശിച്ചു നാം കിടക്കെ,

ആനന്ദശീതളചന്ദ്രികാധാരക–
ളാറാടുമാക്കിളിവാതിലൂടെ

എന്നമ്മ ലാളിയ്ക്കുമാ വേശിപ്പൂച്ച ത–
ന്നുണ്ണിയെത്താങ്ങിക്കടന്നുപോകെ,

ബന്ധുരസ്നേഹത്തിൻ വേദനക്കൊള്ളലി–
ലന്തരീക്ഷാന്തരമാണ്ടുപോകെ,

അസ്സുഖമൂകലയത്തിൽക്കിടന്നൂ നീ
മത്സഖി, ചോദിയ്ക്കുമെന്നൊടേവം:

''കണ്ടുവോ?''... പിന്നെപ്പറയാനില്ലൊന്നും നിൻ
ചുണ്ടിന്നാ വാചാലമൂകതയിൽ.

കാണുമന്നേരം തമസ്സും തുളച്ചെത്തി
ഞാനാ നനഞ്ഞ നിൻ കണ്ണിണകൾ.

ബന്ധുരസ്നേഹത്തിൻ വേദനക്കൊള്ളലി–
ലന്തരീക്ഷാന്തരമാണ്ടുപോകെ,

അസ്സുഖമൂകലയത്തിൽക്കിടന്നു ഞാൻ
മത്സഖി, ചോദിയ്ക്കും നിന്നൊടേവം:

''കാണാതിരിയ്ക്കുമോ?'' പൂരുഷനെൻകണ്ണിൽ–
ക്കാണാം നിനക്കും തിളക്കമപ്പോൾ

വിണ്ണിലെദ്ദിവ്യപുഞ്ജങ്ങളാ നമ്മളെ–
ക്കണ്ണഞ്ചിക്കണ്ണഞ്ചിയെത്തിനോക്കും.
****

അറിയാത്ത കന്യകേ, നാം തമ്മിലൊരു നാളി–
ലറിയുമ്പോൾപ്പാടിക്കൊണ്ടയവിറക്കാൻ

കരളിന്റെ നിശിതമാം തൂവലാലദ്ദിവ്യ–
കഥ ഞാനിവിടെപ്പകർത്തിവെപ്പൂ:–

അങ്ങേതിൽനിന്നെഴും വില്ലടി കേൾക്കയാൽ–
ച്ചിങ്ങത്തിരുവോണം കണ്മിഴിയ്ക്കെ,

കുണ്ടയിൽപ്പൂക്കളും ചുണ്ടത്തു പാട്ടുമായ്
ക്കുഞ്ഞുങ്ങൾ പോകും വഴിവരമ്പിൽ

നീളുന്ന നേത്രമുഴിഞ്ഞൂഴിഞ്ഞങ്ങിനെ
നാമറിയാതെ നാം നിൽക്കമൂലം

ചാരും ചുമരിന്മേൽക്കാലം വരയ്ക്കവേ
കാറിഴുകുന്ന ര'ണ്ടാളരൂപം',

'ഇള്ളളെ ഇള്ളളെ' കൂവുമൊരോമന–
ക്കള്ളനെബ്ഭാവിപിതാമഹനെ

നിന്റെയല്ലെങ്കിലു,മെന്റെയല്ലെങ്കിലും,
നിന്റെയുമെന്റെയുമായ രക്തം

ഓളമടിയ്ക്കും പ്രളയപയോധിയിൽ–
ക്കാലമാമുന്നതപർവ്വതത്തെ

കുത്തിപ്പൊളിച്ചു തകർത്തലിയിയ്ക്കുവാൻ
കുഞ്ഞിക്കാലിട്ടു കുടയുവോനെ

മാറത്തടക്കിപ്പിടിച്ചു വന്നെത്തും നീ
മാമകോപാന്തത്തിൽസ്സാഭിമാനം.

ഞാനോ വിറക്കൊള്ളുമെന്നധരങ്ങളാ
മാനിതൻ നെറ്റിയിൽച്ചാർത്തുമപ്പോൾ;

കോരിത്തരിപ്പാർന്നനർഘവർഷങ്ങൾ കൈ–
കോർത്തുപിടിച്ചു കടന്നുപോകും,

കോടാനുകോടി തരംഗകമാലക–
ളോടിക്കിതയ്ക്കും നദികണക്കെ.

നിശ്ശബ്ദമാത്രകളാ മുഹൂർത്തത്തിങ്കൽ
നിർഭയോൽഘോഷം മുഴക്കുമേവം:

''ഇന്നത്തെദ്ദൈവങ്ങൾ മാറട്ടെ–നാളത്തെ
മന്നിന്റെ ദൈവങ്ങൾ ദമ്പതികൾ!''

വിണ്ണിലെദ്ദിവ്യപുഞ്ജങ്ങളാ മാത്രയി–
ലൊന്നിച്ചു ഞെട്ടിത്തെറിച്ചുപോകും!

# എന്നും പറയും

കുന്തളം കൂമ്പിച്ചുകെട്ടി നിർത്തീടവേ,
ചിന്തവേ താഴെക്കുറുനിരച്ചാർത്തുകൾ,

മഞ്ഞളണിക്കവിൾക്കൂമ്പിലഭിനവ–
മഞ്ജുളഭാവമിതളുതിർത്തീടവേ,

വെറ്റില തിന്നാ നുറുങ്ങരിപ്പല്ലുക–
ളൊട്ടൊട്ടരുണിമ പൂശിത്തിളങ്ങവേ,

ആരക്തമാമിളം ചുണ്ടിലൊരായിരം
ചാരുസ്മിതങ്ങളുറന്നൊഴുകീടവേ,

വാസനത്തൈലമൊരമ്മയാമാ നിന്റെ
പേശലാംഗങ്ങൾക്കയവു ചേർത്തീടവേ

'മാറുകെ'ന്നുന്തിമിഴിയ്ക്കെ നിൻ പീനമാം
മാറണിക്കച്ചമേലാ മുലക്കണ്ണുകൾ,

കണ്ണിൻകറുപ്പിലഭിമാനവായ്പുമാ–
യുണ്ണിയെപ്പുൽകി വന്നെത്തുമെൻ ചാരെ നീ.

ആ മകനെക്കടന്നുമ്മവെച്ചുമ്മവെ–
ച്ചോമനേ, നിന്നോടുരിയാടുമന്നു ഞാൻ,

''ഇന്നലെസ്സുന്ദരിയായിരുന്നെങ്കിലു–
മിന്നേയ്ക്കൊരപ്സരസ്സുന്ദരിയായി നീ.'

ഊഊഊ

പിന്നീടവൻ പിച്ചവെച്ചു നടക്കണം
പൊന്നുടുപ്പിട്ടു പഠിയ്ക്കുവാൻ പോകണം

പിന്നിടവൻ ചെറുമീശ വെച്ചീടണം
തന്നാത്മനാഥയെക്കൈവരിച്ചീടണം

ആ മിഥുനങ്ങൾതൻ മാംസസഞ്ജാതമാ–
മാനന്ദമൂർന്നു കാലാട്ടിക്കരയണം.

അന്നാ ഭവതിതന്നൊട്ടിയ ഗണ്ഡത്തി–
ലന്യൂനഹാസം ചുളിവുതിർത്തീടവേ,

മുറ്റും തുടുത്ത വരകളോലും മിഴി–
യ്ക്കറ്റങ്ങളൽപ്പമൊന്നീറനായ്ത്തീരവേ,

ചുങ്ങിയുലഞ്ഞെല്ലു പൊങ്ങിയ നെഞ്ഞത്തു,
മങ്ങിച്ചുളിഞ്ഞു തണുത്ത നിൻ കൈകളാൽ,

വെള്ളിമുടിക്കെട്ടഴിയുമാറാ,ക്കൊച്ചു–
കള്ളനെപ്പുൽകി വന്നെത്തുമെൻ ചാരെ നീ.

ആ മകനെക്കടന്നുമ്മവെച്ചുമ്മവെ–
ച്ചോമനേ, ഞാനുരിയാടുമന്നാളിലും:

''ഇന്നലെസ്സുന്ദരിയായിരുന്നെങ്കിലു–
മിന്നേയ്ക്കൊരപ്സരസ്സുന്ദരിയായി നീ.''

# അധരപാനം

മുകരട്ടെ സുന്ദരി, മുകരട്ടെ നിന്നെ ഞാൻ
നുകരട്ടെ നിൻ പവിഴാധരങ്ങൾ;

തകരട്ടെ പൊട്ടിത്തരിപ്പിലെന്നസ്ഥികൾ;
തളരട്ടെ മത്സിരാകൂടമാകെ;

ചിതറട്ടെ പെട്ടെന്നെൻ പരമാണുനികരങ്ങ–
ളതിദൂരചക്രവാളത്തിലോളം;

അവ മിന്നിക്കോടാനുകോടിയായ്ഗ്ഗഗനത്തി–
ലലയട്ടെ കൽപ്പാന്തകാലത്തോളം;

അവ ചിന്നും ദീപ്തിയിലായിരം ജീവിക–
ളണയട്ടെ സുഖമായിട്ടിണതൻ ചാരെ!

സുഖിതങ്ങ,ളായിരം മിഥുനങ്ങളങ്ങിനെ
സുരലോകജീവിത മാസ്വദിയ്ക്കെ,

അവർതൻമെയ്പുണരുന്ന കുളിർകാറ്റിൻ തിരകളിൽ
ഛവി വീശിപ്പാറുമെൻ പരമാണുക്കൾ

പൂളയാതിരിക്കുകില്ലഭിനവമൊരു ദിവ്യ–
പുളകത്തിൻ തീവ്രമാം വിസ്മൃതിയിൽ!

അതിനുമുമ്പുലകിതിലുണ്ടായിട്ടുണ്ടാവി–
ല്ലിതിലേറെത്തീവ്രമാം വിസ്മൃതികൾ;

അതിനുമുമ്പുലകിതിലുണ്ടായിട്ടുണ്ടാവി–
ല്ലിതിലേറെദ്ദിവ്യമാം വിസ്മൃതികൾ!

# മിഥുനങ്ങൾ

കാന്തയ്ക്കോലും താടി വലംകൈവെള്ളയിലേന്തി
കാന്തൻ പാൽച്ചിരിതൂകിയുറക്കെപ്പാടീടുന്നു:

''മധുരശ്രീമയരൂപിണി, ഹാരിണി, ദേവി, നീയീ
മഹിയുടെ മഹിമകളെല്ലാം നോക്കിക്കണ്ടുകൊള്ളൂ!

ഇന്നുവരെഗ്ഘോരാന്ധകാരബന്ധനത്തിൽ
നിന്നവളല്ലേ കണ്ണുനീരും കൈയുമായ് നീ?

കണ്ടുകൂടാ വിശ്വവിശാലവിചിത്രരംഗം;
മിണ്ടിക്കൂടാ മർത്ത്യരൊ;–ടങ്ങിനെയെത്രകൊല്ലം!

എന്നാലിന്നോ, കാലം കൈവാളേന്തിയെത്തി
നിന്നെച്ചുറ്റിയ തടവിന്നിരുളഴി വെട്ടിനീക്കി

നമ്മുടെ കൈകളിണക്കിച്ചേർത്തു; ചേർന്നിണങ്ങി
നമ്മുടെ കരളുകളതിനോടൊപ്പം, ഭാഗ്യമായി.

ഇന്നു നമുക്കു കരങ്ങൾ മുറുക്കിക്കാലമർത്തി–
നിന്നുയരെത്തലപൊക്കാം കാണാം ലോകരംഗം.

ഇന്നു നമുക്കു തകർക്കാം നർത്തനമുലകിലാകെ;
ഇന്നു നമുക്കു പറക്കാമീ വിരിവിണ്ടലത്തിൽ.

മധുരശ്രീമയഭാവിനി, മോഹിനി, ദേവി, നീയീ
മഹിയുടെ മഹിമകളെല്ലാം നോക്കിക്കണ്ടുകൊള്ളൂ!''

ഊഊഊ

കാന്തനെഴും വിരിമാറിൽ, ത്തളരും മേനി ചാരി
കാന്ത പതുക്കനെ, നെഞ്ചുതുടിയ്ക്കെച്ചൊല്ലിടുന്നു:

''അവിടുന്നാത്മസ്മൃതി വിട്ടിങ്ങിനെ പാടിടുമ്പോൾ,
അരുതരുതെന്നൊരു താളം കേൾക്കാമെൻകരളിൽ.''

# മധുവിധു

കളയൂ കളയൂ കദനം വെറുതേ
കരയാനല്ലീ മധുവിധുകാലം.

നീലിമ വീശീ, വീശീ വീശീ
നീലിമ നിൻ നീൾനയനത്തിൽ

കുങ്കുമകാന്തി കലർന്നൂ ബാലേ,
നിൻകവിളിന്റെ മൃദുത്വത്തിൽ;

പവിഴപ്പുറ്റു വിളഞ്ഞുംതീർന്നൂ
തവരുചിരാധരയുഗളത്തിൽ;

അവതൻ നടുവിൽ,പ്പരഭാഗപ്രഭ–
യരുളാനണിയായ്ത്തൂമുത്തും;

മാറു കനത്തൂ, കൊഴുത്തൂ ജഘനം,
മാന്തളിരൊത്തു തെഴുത്തൂ നീ.

കളയൂ കളയൂ കദനം; വെറുതേ
കരയാനല്ലീ മധുവിധുകാലം

കാറൊളിമുടിയിലരാളതരംഗം
കാറ്റത്തിളകിപ്പുളയുമ്പോൾ,

ചെഞ്ചുണ്ടുകളിൽപ്പഞ്ചാരപ്പുതു
പുഞ്ചിരി വിങ്ങിക്കുഴയുമ്പോൾ,

പൂങ്കവിളണിവെൺതാമരമലരുകൾ
പുലരിവെളിച്ചം പൊഴിയുമ്പോൾ,

അതിലിരു കൊച്ചുനുണക്കുഴി താരി-
ന്നല്ലികളായി വിളങ്ങുമ്പോൾ,

താരകകൈതവമാർന്നൊളിനോട്ടം
താഴ്ത്തും വാരവധൂടികകൾ.

കളയൂ കളയൂ കദനം; വെറുതേ
കരയാനല്ലീ മധുവിധുകാലം

എന്നാലും, മഴമുകിലുകളെന്തേ
വന്നുതടിപ്പൂ തെളിമിഴിയിൽ;

എന്നാലും, വളർമഴവില്ലെന്തേ
മിന്നീലാ പൂങ്കവിളിണയിൽ?

ഉലയാനെന്തേ മാറിട;- മിങ്ങിനെ
നനയാനെന്തേ കൺപീലി!

വീർപ്പുകളൂഷ്മളമുതിരാനെന്തേ;
വേർപ്പാൽക്കുറുനിര കുതിരാനും?

ആയീ, തേങ്ങിക്കരയുകയാണോ
നീയി,തിനെന്തൊരു സംബന്ധം!

കളയൂ കളയൂ കദനം; വെറുതേ
കരയാനല്ലീ മധുവിധുകാലം.

തങ്കക്കട്ടേ, വരികെന്നരികെ,-
സ്സങ്കടമരുതുൾച്ചെന്താരിൽ.

വാടിയ നിൻമെയ്ത്താമരവളയം
വാരിക്കോരിയെടുത്തീടാൻ,

സ്വേദിലഗണ്ഡതലത്തിൽച്ചുംബന-
മാദകമുദ്രകളണിയിയ്ക്കാൻ,

ഉച്ഛ്വാസോച്ഛ്വലിതാംഗം മാറൊടു
കെട്ടിമുറുക്കിപ്പുണരാനും

എന്തിനുമില്ലേ, ഭവതിയ്ക്കിനിമേ-
ലെന്തിനുമില്ലേ, ഞാനില്ലേ?

കളയൂ കളയൂ കദനം; വെറുതെ
കരയാനല്ലീ മധുവിധുകാലം

പൊന്നിനൊരഭിനവസൗരഭചോദന
മെന്നൊടു നീ വന്നിഴുകുമ്പോൾ;

പൂവിനൊരുജ്ജ്വലകിരണപ്രസരം
ഭവതിയിൽ ഞാൻ ചേർന്നലിയുമ്പോൾ

കരളിൽ,ക്കതിരല വിതറും മറ്റേ–
ക്കരളിൻ കണികകൾ വിലയിക്കെ,

ഇപ്പോളെന്തൊരു സുഖമാണല്ലി?
ഇപ്പൊഴുതാവാം നിർവ്വാണം!

പിന്നെയുമുണ്ടു നിനക്കൊരു വേദന:
കണ്ണീരല്ലേ കടമിഴിയിൽ?

കളയൂ കളയൂ കദനം; വെറുതേ
കരയാനല്ലീ മധുവിധുകാലം.

ആപച്ഛങ്കകളാവാം, ശരി, നി–
ന്നാടലിനാകെയൊരാധാരം;

എന്നാ,ലാപച്ഛങ്കകളെല്ലാ–
മിന്നുമുതൽക്കു നിരാധാരം.

വിഷ്ടപമിടിപൊടിയാക്കിടുമാപ–
ന്മുഷ്ടികളെത്ര വലിച്ചാലും,

പിന്നേയും പിരിമുറുകിടലെന്യേ
പിഞ്ഞിടലില്ലീ ഹൃൽപ്രേമം:

വിടവറ്റിറുകിടുമിഴയോരോന്നും
വിശ്വാസത്തിന്നിഴയല്ലേ?

കളയൂ കളയൂ കദനം; വെറുതേ
കരയാനല്ലീ മധുവിധുകാലം.

''...കണ്ടതിനും മേലാത്മസമുന്നതി
കണ്ടെത്തിടുവാൻ കഴിയുമ്പോൾ,

ഉണ്ടാകാമെന്നോർത്തതിലും വലു–
തുണ്ടൊരു നെഞ്ചെന്നറിയുമ്പോൾ,

ഒഴുകാവുന്നതിലധികം താഴോ–
ട്ടൊഴുകാമലിവെന്നാവുമ്പോൾ,

അമൃതലമാലകൾ മേനിയിലമലമൊ–
രസുലഭപുളകം വിതറുമ്പോൾ

ഞാനൊരു കന്യക–ഞാനാളല്ലി–
ന്നാനന്ദത്തിനു ചിറകെട്ടാൻ...''

നനയുകയാണിസ്സുമുഹൂർത്തത്തിൽ–
സ്സുനിയന്ത്രിതമെൻ മിഴിയും ദേവി!

മധുരമനസ്വിനി, മാമകജീവിത–

മധുമാസശ്രീദേവീ, ഞാൻ

കരയാമോ ഹാ, പൂരുഷനല്ലേ;
കരയാതെങ്ങനെ, നരനല്ലേ?

ഒന്നിനുമാളല്ലൊന്നിനുമേ ഞാ–
നിന്നീദ്ദുർബ്ബലനിമിഷത്തിൽ!....

നിൻചുടുനെടുവീർപ്പലകളൊടിടചേർ–
ന്നെൻചുടുനെടുവീർപ്പുയരുമ്പോൾ,

ഇള ജലമംബരമനിലൻ തേജ–
സ്സിവ നവചേതന പുണരുമ്പോൾ,

കരയാം, കരയാം, ലഹരിയിലൊപ്പം
കരയാം നോക്കീ മധുവിധുകാലം!